സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.16321/2015/എസ്റ്റ-ബി

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 16/12/2017.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.

വിഷയം: ദേവസ്വം ഗാർഡ് തസ്തികയിലേക്കുള്ള തസ്തികമാറ്റം സംബന്ധിച്ച്.

സൂചന: 1) 25/09/2017-ലെ ഈ ആഫീസിലെ മേൽ നമ്പർ ഉത്തരവ്.

2) 03/10/2017-ലെ ആർ.ഒ.സി.9292/16/എസ്റ്റ-2 നമ്പർ ബോർഡുത്തരവ്.

3) 05/10/2017-ലെ ഈ ആഫീസിലെ മേൽ നമ്പർ ഉത്തരവ്.

4) 10/11/2017-ലെ ഈ ആഫീസിലെ മേൽ നമ്പർ ഉത്തരവ്.

5) ശ്രീ.ആർ.സന്തോഷ് കുമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി(സി).16607/17/(എ) നമ്പർ കേസിലെ 19/05/2017-ലെ വിധിന്യായം.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ട്രോങ് റൂം ഗാർഡ് തസ്തികയിലേക്ക് ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളിലേക്ക് നിശ്ചിത യോഗ്യതയുള്ള ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നതിനായി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പുനലൂർ ഗ്രൂപ്പിലെ പുതിയിടം ദേവസ്വം വാച്ചർ ശ്രീ.ആർ.സന്തോഷ് കുമാർ ടിയാനെ സ്ട്രോംഗ് റൂം ഗാർഡായി നിയമിക്കണമെന്ന് കാണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു.പി(സി).16607/17(എ) നമ്പർ ആയി ഫയൽ ചെയ്ത കേസിലെ 19/05/2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ പരിശോധിയ്ക്കു കയുണ്ടായി.

ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം വാച്ചർ ശ്രീ.ആർ.സന്തോഷ് കുമാറിനെ 19000-500-20000-550-22200-650-27800-700-29900-800-33900-900-37500-1000-42500-1100-43600 രൂപ ശമ്പള സ്കെയിലിൽ പുനലൂർ ഗ്രൂപ്പിലെ പുതിയേടം ദേവസ്വത്തിൽ ദേവസ്വം ഗാർഡായി നിയമിച്ച് ഉത്തരവാകുന്നു.

റാങ്ക് ലിസ്റ്റിലെ 22-ാം പേരുകാരനായ ശ്രീ.വി.ആർ.വിനോദ് കുമാറിന് താഴെയും ശ്രീ.വി.കോമളൻ പിള്ളയ്ക്ക് മുകളിലുമായി ശ്രീ.ആർ.സന്തോഷ് കുമാറിന്റെ സീനിയോറിറ്റി ക്രമീകരിച്ചിട്ടുള്ളതാണ്. ദേവസ്വം ഗാർഡ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിമുതൽ ഒരു വർഷക്കാലം ശ്രീ.ആർ.സന്തോഷ് കുമാറിന് പ്രൊബേഷൻ കാലഘട്ടമായിരിക്കുന്നതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

പകർപ്പ്:

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
3. തിരുവാഭരണം കമ്മീഷണർ, ആറന്മുള
4. ഫൈനാൻസ് &അക്കൗണ്ട്സ് ഓഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
6. ലെയ്സൺ ആഫീസർ, എറണാകുളം
7. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, പത്തനംതിട്ട
8. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, പുനലൂർ,
9. ഇ.ഡി.പി സെക്ഷൻ
10. സെക്ഷൻ ഫയൽ
11. ഫെയർ ഓഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

സ